സർക്കാർ ഓഫീസുകളിൽ കേടായ ഉപകരണങ്ങൾ നന്നാക്കുവാൻ പദ്ധതി

228 (6147) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിവിധ സർക്കാർ ഓഫീസുകളിൽ കേടായി കിടക്കുന്ന കമ്പ്യൂട്ടറുകൾ, ടൈപ്പ്റൈറ്ററുകൾ എന്നിവ നന്നാക്കി നൽകുന്നതിന് സ്റ്റേഷനറി വകുപ്പ് മുഖേന എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

വിവിധ സർക്കാർ ഓഫീസുകളിൽ കേടായി കിടക്കുന്ന ടൈപ്പ് റൈറ്ററുകൾ, ഡ്യൂപ്ലിക്കേറ്റിംഗ് മെഷീനുകൾ എന്നിവ നന്നാക്കി നൽകുന്നത് സ്റ്റേഷനറി വകുപ്പിലെ മെക്കാനിക്കൽ വിഭാഗം ജീവനക്കാരാണ്. എന്നാൽ വിവിധ വകുപ്പുകളിലെ കേടായ കമ്പ്യൂട്ടറുകൾ റിപ്പയർ ചെയ്ത് നൽകുന്നതിന് നിലവിൽ സ്റ്റേഷനറി വകുപ്പിൽ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

നക്ഷത്ര ചിഹ്നമിടാത്ത 5921, 5929, 5930, 5945, 5963, 5971, 5973, 5974, 5977, 5982, 5983, 5985, 6113 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II ശ്രദ്ധക്ഷണിക്കൽ

(1) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനം

ശ്രീ. ബി. ബാബു പ്രസാദ് : സർ, സംസ്ഥാനത്ത് ലക്ഷക്കണക്കിന് തൊഴിൽരഹിതരായ യുവതീയുവാക്കളുടെ നിലനിൽപ്പിനെ ബാധിക്കുന്ന ഒരു പ്രശ്നമാണ് നിയമസഭയുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നത്. 31-5-2010-ന് അങ്ങ് നിയമസഭയിൽ നൽകിയ കണക്കനുസരിച്ച് 42,23,448 ഉദ്യോഗാർത്ഥികൾ സംസ്ഥാനത്ത് വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിലുള്ള നിയമമനുസരിച്ച് താൽക്കാലിക വേക്കൻസികളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ അറിയിച്ച് അവിടെനിന്ന് കമ്മ്യൂണൽ റൊട്ടേഷൻ രജിസ്റ്റർ (സി.ആർ.ആർ.) പ്രകാരവും സംവരണതത്വങ്ങൾ പാലിച്ചും രജിസ്ട്രേഷന്റെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ലിസ്റ്റിൽനിന്നുമാണ് നിയമനങ്ങൾ നടത്തേണ്ടത്. പക്ഷെ ഇന്ന് ഈ സംസ്ഥാന ഗവൺമെന്റിന്റെ വിവിധ വകുപ്പുമന്ത്രിമാരുടേയും അദ്ധ്യക്ഷൻമാരുടേയും നേതൃത്വത്തിൽ അത് പൂർണ്ണമായി അട്ടിമറിക്കപ്പെട്ടിരിക്കുകയാണെന്ന് ദു:ഖത്തോടുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly